പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4718          23.07.2015-ൽ മറുപടിയ്ക്ക്

## മുതിർന്ന സർക്കാർ അഭിഭാഷകരുടെ ശമ്പള വർദ്ധനവ്

**ചോദ്യം**          **ഉത്തരം**

ശ്രീ കെ കുഞ്ഞിരാമൻ (ഉദുമ)

ശ്രീ.കെ.എം.മാണി
ബഹു.ധനകാര്യവും നിയമവും
ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ള മുതിർന്ന സർക്കാർ അഭിഭാഷകരുടെ ശമ്പളം മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് 70,000/- രൂപയിൽ നിന്നും 2,00,000/- രൂപയായും സുപ്രീംകോടതി മുൻപാകെ ഹാജരാകുന്നതിന്, അപ്പിയറൻസിന് 20,000/- രൂപയിൽ നിന്നും 40,000/-രൂപയായും 27.04.2015-ലെ സ.ഉ(കൈ) 72/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം റീട്ടെയ്നർ ഫീസ് വർദ്ധിപ്പിച്ച തീരുമാനത്തിന് 18.05.2015-ലെ സ.ഉ(കൈ)82/2015/ നിയമം നമ്പർ പ്രകാരം 01.04.2012 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർക്കും, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും മേൽ വർദ്ധന ബാധകമാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | എങ്കിൽ ഏതൊക്കെ വിഭാഗത്തിന്റെയാണെന്നും കുടിശ്ശിക ഇനത്തിൽ ഓരോരുത്തർക്കും എത്ര തുക ലഭിക്കുമെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവർക്ക് റീട്ടെയ്നർഫീസ് വർദ്ധിപ്പിച്ചതുമൂലം 01.04.2012 മുതൽ പ്രതിമാസം 1,30,000 രൂപ വെച്ച് കുടിശ്ശിക ഇനത്തിൽ നൽകേണ്ടതുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ